പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1623

04-12-2018-ലെ മറുപടിയ്ക്ക്

**കുട്ടനാട്ടിലെ പ്രളയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | കുട്ടനാട്ടിലെ പ്രളയം കർഷകരെയും സാധാരണക്കാരെയും കടുത്ത സാമ്പത്തിക ബാധ്യതയിലേക്ക് തള്ളിവിട്ടുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** | ഉണ്ട്. |
| **(ബി)** | ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | **(ബി)** | കുട്ടനാട്ടിൽ മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 1,42,76,000/- രൂപ നഷ്ട പരിഹാരമായി SDRF ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഈ തുക 20% അഡ്വാൻസായി 147 പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 80% തുക എൻജിനീയറുടെ വാല്യുവേഷൻ പ്രകാരം നൽകി വരുന്നു.ഇതിനായി 3.5 കോടി രൂപ എസ്.ഡി. ആർ.എഫ്. ഫണ്ടിൽ ആലപ്പുഴ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്.ജൂൺമാസത്തിൽ മട വീണ 14 പാടശ്ശേഖരങ്ങൾക്ക് 23.11 ലക്ഷം രൂപ മട കുത്തുന്നതിന് ധനസഹായമായി നൽകി. കേടുപാടുകൾ സംഭവിച്ച ബണ്ടുകൾ റിപ്പയർ ചെയ്യുന്നതിന് കിലോമീറ്ററിന് 60,000/- രൂപ നിരക്കിൽ ധനസഹായം പാടശ്ശേഖരസമിതികൾക്ക് നൽകി വരുന്നു. പ്രളയത്തിൽ കുട്ടനാട്ടിലെ പാടശ്ശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കംചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് ധനസഹായമായി ഹെക്ടറിന് 12,200/- രൂപ നൽകി വരുന്നു. ഇതിനായി 350 ലക്ഷംരൂപ SDRF ഫണ്ടായി അനുവദിച്ചിട്ടുണ്ട്.കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും സൗജന്യ വിത്ത് നൽകിവരുന്നു. 3612.885 മെട്രിക് ടൺ (ജ്യോതി 354.885 ടൺ, ഉമ - 3258 ടൺ) വിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്. 12524 ഹെക്ടറിൽ 75% സബ്സിഡി നിരക്കിൽ കുമ്മായം നൽകുന്നു. ഇതിനായി 676.296 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ 10495 ഹെക്ടർ സ്ഥലത്തെ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടു.ഹെക്ടർ ഒന്നിന് 13500/- രൂപ പ്രകാരം 14.16 കോടി രൂപ നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്. കൂടാതെ മറ്റു വിളകൾ നശിച്ചതിന് നഷ്ടപരിഹാരമായി 4.145 |

| | | | |
|---|---|---|---|
| | | | കോടി രൂപ ഉൾപ്പെടെ 18.3 കോടി രൂപ ഇതിനോടകം നൽകി കഴിഞ്ഞു. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിവിധ പാടശേഖരങ്ങൾക്ക് 5 കോടി രൂപ ഇൻഷ്വറൻസ് തുകയായി നൽകി. 2016-17, 2017-18 വർഷങ്ങളിൽ കടിശ്ശികയുണ്ടായിരുന്ന പ്രകൃതിക്ഷോഭത്തിന്റെ വിള നാശത്തിനുള്ള ധനസഹായം കർഷകർക്ക് നൽകി. 2018 വരൾച്ചയുടെ ധനസഹായമായി 106.293 ലക്ഷം രൂപ ഇത്തരുണത്തിൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. പുഞ്ച കൃഷിയ്ക്ക് കുട്ടനാട്ടിലെ എല്ലാ നെൽകർഷകർക്കും ഹെക്ടറിന് 125 കിലോഗ്രാം നെൽ വിത്ത് സൗജന്യമായും നൽകി.<br>കോട്ടയം ജില്ലയിൽ ഉൾപ്പെട്ട കുട്ടനാട്ടിൽ 5818 ഹെക്ടറിൽ നെൽ കൃഷി നഷ്ടപ്പെട്ടു. 1508 മെട്രിക് ടൺ നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകി. ഹെക്ടർ ഒന്നിന് 13500 രൂപ നിരക്കിൽ 785,43,000 രൂപ നഷ്ടപരിഹാരമായി നൽകി. പുറംബണ്ട് ബലപ്പെടുത്തൽ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിന് 290 ലക്ഷം രൂപ SDRF ഫണ്ടായി കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. |
| **(സി)** | വെള്ളപ്പൊക്കത്തിൽ കൃഷിനാശം സംഭവിച്ച കർഷകരുടെ കാർഷിക വായ്പകൾ പൂർണ്ണമായും എഴുതിതള്ളുന്നതിന് വകുപ്പ് മുൻകൈയെടുത്ത് നടപടികൾ സ്വീകരിയ്ക്കുമോ; | **(സി)** | മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. |

സെക്ഷൻ ഓഫീസർ